**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2126** **16-03-2022 - ൽ മറുപടിയ്ക്ക്**

**മലയോര മേഖലകളിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ അഭാവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | **null**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ കീഴിൽ മലയോര മേഖലകളിലും വനപ്രദേശത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിലും പ്രവർത്തിക്കുന്ന ആരോഗ്യ കേന്ദ്രങ്ങളിൽ പരിചയസമ്പന്നരായ ഡോക്ടർമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം ഡോക്ടർമാരുടെ യോഗ്യതയും സീനിയോരിറ്റിയും മറ്റു മാനദണ്ഡങ്ങളും കണക്കിലെടുത്തു കൊണ്ടാണ് ആരോഗ്യ വകുപ്പ് നിയമനങ്ങൾ നടത്തുന്നത്. നിശ്ചിത കാലാവധിക്കുള്ളിൽ ഓരോ ഡോക്ടറും സ്ഥലംമാറ്റത്തിന് വിധേയമാണെന്നിരിക്കെ കൂടുതൽ പരിചയവും അനുഭവസമ്പത്തുള്ളതും അല്ലാത്തവരുമായ ഡോക്ടർമാർ സ്ഥാപനങ്ങളിൽ നിയമിക്കപ്പെടുക എന്നത് സ്വാഭാവിക നടപടിക്രമങ്ങളുടെ ഭാഗമാണ്. പരിശീലനങ്ങളും അനുഭവസമ്പത്തും കൊണ്ട് എല്ലാ ഡോക്ടർമാരും ഒരേ നിലവാരത്തിൽ എത്തുമെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പ് ജീവനക്കാരെ വിന്യസിക്കുന്നതും അവർക്കാവശ്യമായ പരിശീലനം നൽകുന്നതും. ജനങ്ങളുടെ ജീവനും ആരോഗ്യത്തിനും ഏറെ ഭീഷണിയായ ജീവിതശൈലീ രോഗങ്ങളെ ചെറുക്കുന്നതിനുള്ള ഏറ്റവും നല്ല ഉപാധിയായ ആരോഗ്യ ബോധവത്ക്കരണം ആരോഗ്യ വകുപ്പ് നടത്തിവരുന്നുണ്ട്. ഇത് ജനകീയ ക്യാംപയിനായി തന്നെ വകുപ്പ് നടപ്പിലാക്കുകയാണ്. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ പരിചയവും അനുഭവസമ്പത്തുമുള്ള ഡോക്ടർമാരെ നിയമിച്ച് ജീവിതശൈലി രോഗങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം ഡോക്ടർമാരുടെ യോഗ്യതയും സീനിയോരിറ്റിയും മറ്റു മാനദണ്ഡങ്ങളും കണക്കിലെടുത്തു കൊണ്ടാണ് ആരോഗ്യ വകുപ്പ് നിയമനങ്ങൾ നടത്തുന്നത്. നിശ്ചിത കാലാവധിക്കുള്ളിൽ ഓരോ ഡോക്ടറും സ്ഥലംമാറ്റത്തിന് വിധേയമാണെന്നിരിക്കെ കൂടുതൽ പരിചയവും അനുഭവസമ്പത്തുള്ളതും അല്ലാത്തവരുമായ ഡോക്ടർമാർ സ്ഥാപനങ്ങളിൽ നിയമിക്കപ്പെടുക എന്നത് സ്വാഭാവിക നടപടിക്രമങ്ങളുടെ ഭാഗമാണ്. പരിശീലനങ്ങളും അനുഭവസമ്പത്തും കൊണ്ട് എല്ലാ ഡോക്ടർമാരും ഒരേ നിലവാരത്തിൽ എത്തുമെന്ന കാഴ്ചപ്പാടിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പ് ജീവനക്കാരെ വിന്യസിക്കുന്നതും അവർക്കാവശ്യമായ പരിശീലനം നൽകുന്നതും. ജനങ്ങളുടെ ജീവനും ആരോഗ്യത്തിനും ഏറെ ഭീഷണിയായ ജീവിതശൈലീ രോഗങ്ങളെ ചെറുക്കുന്നതിനുള്ള ഏറ്റവും നല്ല ഉപാധിയായ ആരോഗ്യ ബോധവത്ക്കരണം ആരോഗ്യ വകുപ്പ് നടത്തിവരുന്നുണ്ട്. ഇത് ജനകീയ ക്യാംപയിനായി തന്നെ വകുപ്പ് നടപ്പിലാക്കുകയാണ്. |

സെക്ഷൻ ഓഫീസർ